പശ്ചിമഘട്ടം:
സംഭാഷണം

ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല കാടിന്റെ സൗന്ദര്യത്തെ, സത്യത്തെ.
എന്നാൽ എൻ.എ. നസീർ ക്ലിക്കുചെയ്തപ്പോഴെല്ലാം കാടും കാട്ടുമൃഗങ്ങളും
അതിന്റെ എല്ലാ ഭാവങ്ങളേയും ആ ക്യാമറയിലേക്ക് പകർന്നൊഴുക്കി.
കാടും കാടൻ ഫോട്ടോഗ്രാഫറും തമ്മിലുള്ള അതീന്ദ്രിയ വന്യബന്ധത്തിന്റെ
നിറഭേദങ്ങൾ ആ ഫോട്ടോകളിൽ നിറഞ്ഞുനിന്നു. ഈ പച്ചപ്പുകൾ ഇതുപോലെ
തുടരേണ്ടതുണ്ടെന്ന് കാഴ്ച്ചക്കാരനോട് ആ ചിത്രങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു.
ഒരിലപോലും അനങ്ങാതെ കാട്ടിന്റെ ഉള്ളകങ്ങളിലേക്ക് ക്യാമറയുമായി ചെന്ന്,
കാട്ടിലലിഞ്ഞുചേർന്ന വനസഞ്ചാരി എൻ.എ. നസീർ
പശ്ചിമഘട്ടാനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

**എൻ.എ. നസീർ / കേരളീയം**

**കാടായകാടെല്ലാം കയറിയിറങ്ങി പശ്ചിമഘട്ടത്തിന്റെ ജൈവസമ്പന്നതയെ താങ്കൾ തൊട്ടറിഞ്ഞിട്ടുണ്ട്. പ്രകൃതിയിലെ എല്ലാ അതിരുകളും ലംഘിക്കുന്ന മനുഷ്യരോട് കാട് എന്താണ് പറയുന്നത്? കാടുതന്നെ സ്വയം തീർക്കുന്ന പ്രതിരോധങ്ങളെക്കുറിച്ച് ഒരിക്കൽ താങ്കൾ പറഞ്ഞിട്ടുണ്ട്.**

മനുഷ്യൻ പോകണ്ടതെവിടെയെന്നും പോകാൻ പാടില്ലാത്തത് എവിടെയെന്നും കാട് തന്നെ നിശ്ചയിക്കാറുണ്ട്. ഒരിക്കൽ ചാലക്കുടിയിൽ നിന്നും ഷോളയാറിലേക്ക് പോകുന്ന വഴിയിൽ പെരിങ്ങൽകുത്ത് കഴിഞ്ഞ് വാച്ചുമരം എന്ന സ്ഥലത്തെത്തിയപ്പോൾ വിജനമായ റോഡിൽ ഞങ്ങൾ അല്പനേരം നിന്നു. ഒരുവശത്ത് കാടും മറുവശത്ത് ഷോളയാറിന്റെ റിസർവോയറും. റോഡിൽ നിന്നും വിട്ട് അല്പം കാട്ടിലേക്ക് നടക്കാമെന്ന് കരുതി ചെന്നപ്പോഴാണ് അവിചാരിതമായ കാഴ്ച കണ്ടത്. റോഡ് അവസാനിച്ച് കാട് തുടങ്ങുന്നിടത്ത് ആനവിരട്ടി എന്ന പേരിൽ അറിയപ്പെടുന്ന വലിയ ചൊറിയണച്ചെടികൾ വളർന്നുനിൽക്കുന്നു. അതിന്റെ ഇല നമ്മുടെ ദേഹത്ത് തട്ടിയാൽ നന്നായി വേദനിക്കും. ചിലപ്പോൾ ഒരാഴ്ച പനിപിടിച്ച് കിടക്കും. ഞാൻ ശ്രദ്ധിച്ചപ്പോൾ റോഡിനോട് ചേർന്നുള്ള ഭാഗത്താണ് ആനവിരട്ടി വ്യാപകമായി വളർന്ന് കൂടി നിൽക്കുന്നത് എന്ന് കാണാൻ കഴിഞ്ഞു. ആ ഭാഗത്ത് വ്യാപകമായി അതുണ്ട്. റോഡിൽ നിന്നും മനുഷ്യർ കാട്ടിലേക്ക് കയറാതിരിക്കാനുള്ള ഒരു പ്രതിരോധ വേലിയായി വളർന്നതാണ് ആനവിരട്ടി. ചാലക്കുടി – ഷോളയാർ റോഡിൽ മനുഷ്യന്റെ സഞ്ചാരം കൂടിയപ്പോഴാകാം ആനവിരട്ടിയും കൂടിയത്. മാത്രമല്ല അധികനേരം അവിടെ നിന്നാൽ കുളയട്ടകൾ കാലിലേക്ക് കയറിക്കൊണ്ടേയിരിക്കും. കാടിന്റെ വളരെ ജൈവികമായ ഒരു പ്രതിരോധം തന്നെയായാണ് ഞാൻ ആ സംഭവത്തെ കാണുന്നത്. ഒറ്റപ്പെട്ട അനുഭവമല്ല അത്. ചിന്നാറിൽ വെള്ളക്കാട്ടുപോത്തിന്റെ ചിത്രമെടുക്കാൻ പോയപ്പോൾ കയറാൻ പാടില്ല എന്ന് തോന്നിച്ച കാട്ടിന് മുന്നിൽ മുള്ളുപടർപ്പുകൾ ഞങ്ങളെ തടഞ്ഞിട്ടുണ്ട്. മാൻചെള്ള്

# കാട് വിളിക്കുന്നുണ്ടാകാം, വഴിയുണ്ടെങ്കിൽ മാത്രം പോവുക


ഫോട്ടോ: എൻ.എ. നസീർ

ശല്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഒരിക്കൽ പാമ്പാടുംചോല നാഷണൽ പാർക്കിനടത്തുള്ള എസ്. എസ് കാട് എന്ന് പറയുന്ന ചെറിയ കാപ്പിത്തോട്ടത്തിനുള്ളിലൂടെ വിദ്യാർത്ഥികളോടൊപ്പം ട്രക്കിംഗ് നടത്തുമ്പോഴും സമാനമായ അനുഭവമുണ്ടായി. മൂന്നാറിൽ ആദ്യമായി ബസ് സർവ്വീസ് തുടങ്ങിയ എസ്.എസ്. സുബ്ബരാജ ചെട്ടിയാരുടെ കാപ്പിത്തോട്ടമാണ്. ഉപേക്ഷിക്കപ്പെട്ട തോട്ടത്തിൽ നന്നായി കാട് വളർന്നുവരുന്നുണ്ടായിരുന്നു. കാപ്പിതോട്ടത്തിലൂടെ അധികദൂരം പോയില്ല, അപ്പോഴേക്കും അട്ടകൾ ഞങ്ങളെ പിടികൂടി. പല വലിപ്പത്തിലുള്ള അട്ടകൾ. ഞാൻ ചെരുപ്പിടാതെയാണ് നടന്നത്. സൂചികുത്തുന്നതുപോലെ എന്തോ കാലിൽ തറച്ചു. ജീവിയല്ല, എന്താണെന്ന് കൂടെവന്ന ഗൈഡ് മനോഹരനാണ് പറഞ്ഞുതന്നത്. പുതിയൊരു തരം ചെടിയാണ്. കുട്ടികൾക്കെല്ലാം ചൊറിഞ്ഞു. ഞങ്ങൾ ട്രക്കിംഗിന്റെ റൂട്ട് മാറ്റി. കാടിമാറിക്കൊണ്ടിരിക്കുന്ന ഒരു പഴയ കാപ്പിത്തോട്ടത്തിന്റെ ദയവുചെയ്ത് ദ്രോഹിക്കരുതേ എന്ന അപേക്ഷയായിരുന്നു അത്. പല പുൽമേടുകളിലും മഞ്ഞുവീണ് വഴുക്കുന്നതുകൊണ്ട് കയറാനാകാതെ ഞാൻ മടങ്ങിയിട്ടുണ്ട്. എത്ര ശ്രമിച്ചാലും ഇഴപിരിക്കാൻ കഴിയാത്ത തരത്തിൽ പുല്ലുകൾ കൂടിച്ചേർന്ന് നിന്ന് യാത്ര മുടക്കിയിട്ടുണ്ട്. പുൽപ്പരപ്പിൽ നിന്നും ഷോലയിലേക്ക് കയറുന്ന വഴിയിൽ കുറിഞ്ഞിച്ചെടികൽ ഇടതൂർന്ന് നിന്ന് നമ്മളോട് മടങ്ങിപ്പോകാൻ പറയും. മനുഷ്യൻ കടന്നുചെല്ലേണ്ടതില്ല എന്ന് പ്രകൃതിതന്നെ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളാണത്. ഇത്തരം സൂചനകൾ തന്ന് പ്രകൃതി അക്കാര്യം നമ്മളോട് സംവദിക്കുന്നു. ഫോട്ടോ എടുക്കാനോ, ട്രക്കിംഗിനോ, ഗവേഷണത്തിനോ പോലും മനുഷ്യൻ ഒരിക്കലും കയറാൻ പാടില്ലാത്ത കാടുകൾ പശ്ചിമഘട്ടത്തിൽ ഉണ്ടെന്നാണ് അത്തരം സൂചനകളിലൂടെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കാട് വിളിക്കുന്നുണ്ടാകാം. പക്ഷെ വഴിയുണ്ടെങ്കിൽ മാത്രം പോവുക. അല്ലെങ്കിൽ ആ മഹനീയതയ്ക്ക് മുന്നിൽ തലകുനിച്ച് പിന്മടങ്ങുക.

**30 വർഷം പിന്നിടുന്ന വനയാത്രകൾ. പശ്ചിമഘട്ടം പഠിപ്പിച്ചതെന്താണ്?**

വനയാത്രകൾ തന്നെയാണ് കാടെന്താണെന്നും ജീവിതമെന്താകണമെന്നും എന്നെ പഠിപ്പിച്ചത്. തടി സുലഭമായി കിട്ടുന്ന ഒരിടമാണ് കാട് എന്ന് സ്കൂളുകളിൽ പഠിപ്പിച്ചിരുന്ന കാലത്തിലൂടെയാണ് ഞാൻ വളർന്നുവന്നത്. കാട് തരുന്നത് മരമല്ലെന്നും ജീവന്റെ ആധാരങ്ങളായ ശുദ്ധവായുവും ശുദ്ധ ജലവുമാണെന്നും മനസ്സിലായത് കാട്ടിൽ നിന്നുതന്നെയാണ്. കാടാണ് എന്റെ പാഠപുസ്തകം. ആ പച്ചപ്പിന്റെ കാരുണ്യം കൊണ്ടാണ് നമുക്ക് ഇവിടെ ഈ മേശയ്ക്ക് ചുറ്റുമിരുന്ന് സംസാരിക്കാൻ കഴിയുന്നത്. കാടും ഞാനും തമ്മിലുള്ള ആശയവിനിമയങ്ങളാണ് എന്റെ പാഠങ്ങൾ. പ്രതിസന്ധിഘട്ടങ്ങളിൽ കാടിനോളം വലിയ സ്വസ്ഥത എനിക്ക് എവിടെയുമില്ല. എല്ലാം മറക്കാനും ഊർജ്ജം വീണ്ടെടുക്കാനും കാട് എപ്പോഴും അനുഗ്രഹമാകുന്നു. അടുത്തിടെ ഞാൻ താമസം ഊട്ടിക്കടുത്തുള്ള ഒരു കാടിനോട് ചേർന്ന ഒരു ഗ്രാമത്തിലേക്ക് മാറ്റി. വീടിന്റെ ആധാരമെല്ലാം കിട്ടി അവിടെ താമസമാക്കുന്ന ദിവസം വീടിന് തൊട്ട് പിന്നിലുള്ള മലയിൽ നിറയെ നീലക്കുറിഞ്ഞി പൂത്തുനിൽക്കുന്നു. ക്യാമറയുമായി ഞാനോടി. കാടുമായുള്ള എന്റെ ആത്മബന്ധത്തിന്റെ സൂചകമായാണ് അന്ന് അവിടെ നീലക്കുറിഞ്ഞി പൂത്തതെന്നാണ് ഞാൻ കരുതുന്നത്. കാടും ഞാനും തമ്മിലുള്ള പറഞ്ഞറിയിക്കാനാകാത്ത ആശയവിനിമയങ്ങളിലൊന്നാണത്. അത്തരം എത്രയോ അനുഭവങ്ങൾ.

30 വർഷത്തിലേറെയായി കാട് കയറുന്നുണ്ടെങ്കിലും പശ്ചിമഘട്ടം പൂർണ്ണമായും പോകാൻ ഇനിയും കഴിഞ്ഞിട്ടില്ല. പോയ സ്ഥലങ്ങൾ എനിക്ക് മടുക്കുന്നില്ല. അവിടേക്ക് തന്നെ വീണ്ടു വീണ്ടും എത്തിച്ചേരുന്നു. പശ്ചിമഘട്ടത്തിന്റെ വൈവിധ്യം അപാരമാണ്. ഓരോ സ്ഥലത്തും ഓരോ പ്രത്യേകതകൾ. ചിന്നാർ കാടുകൾ പോലെയല്ല ഷോളയാർ. എവിടെ നോക്കിയാലും പച്ചമാത്രം കാണുന്ന സ്ഥലങ്ങളുണ്ട്, പുൽപ്പരപ്പുകളുണ്ട്, മൃഗങ്ങൾ ഉള്ളിടമുണ്ട്, ഇല്ലാത്തിടമുണ്ട്. ആ വൈവിധ്യം തന്നെയാണ് പശ്ചിമഘട്ടം മനസ്സിലാക്കി തന്ന മറ്റൊരുപാഠം. അങ്ങനെ എത്രയെത്ര പാഠങ്ങൾ. എടുത്തുപറയാവുന്ന അനുഭവം എന്ന ഒന്നില്ലെ

ങ്കിലും പല തവണ പോയ അടിച്ചിൽതൊട്ടിയിൽ ആദ്യം പോയ അനുഭവം മറക്കാൻ കഴിയില്ല. ഇടമലയാർ ഡാം വന്നപ്പോൾ മാറിതാമസിക്കേണ്ടി വന്ന ആദിവാസികളാണ് അടിച്ചിൽതൊട്ടി കോളനിയിലുള്ളത്. കുമാരൻ എന്ന ആദിവാസിക്കൊപ്പം കാട്ടിന് നടുവിലുള്ള പാറയിലാണ് അന്ന് തങ്ങിയത്. പരസ്പരം ആളറിയാത്ത ഇരുട്ട്. കാടിന്റെ ശബ്ദം കേൾക്കാൻ ഉറങ്ങാതെ കിടന്ന ആ രാത്രിയിൽ ഒരുപാട് വന്യമൃഗങ്ങളുടെ ശബ്ദം ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞു. ഇരുട്ടിൽ ശബ്ദങ്ങൾ മാത്രം. ഓരോ ശബ്ദം കേൾക്കുമ്പോഴും മൃഗം ഏതാണെന്ന് കുമാരൻ പറഞ്ഞു തരും, ഇത് കടുവ, ഇത് ആന എന്ന്. യാത്ര തുടങ്ങിയ കാലമായതുകൊണ്ട് എനിക്ക് അതൊരു വിസ്മയമായിരുന്നു. അത്രയേറെ മൃഗങ്ങളുടെ പിന്നീടൊരിക്കലും കേൾക്കാൻ കഴിഞ്ഞിട്ടില്ല. എന്താകും കാരണം? സംശയം മാറാതിരുന്ന ഞാൻ പറമ്പിക്കുളത്തെ അന്നത്തെ വൈൽഡ് ലൈഫ് വാർഡൻ ആയിരുന്ന അപ്പുക്കുട്ടൻ സാറിനോട് അതിനെക്കുറിച്ച് ചോദിച്ചു. പറമ്പിക്കുളത്ത് വരൾച്ച തുടങ്ങുമ്പോൾ ഷോളയാർ, ഇടമലയാർ ഭാഗത്ത് വരൾച്ചയുണ്ടാകില്ല. അതുകൊണ്ടാകാം പറമ്പിക്കുളത്തുള്ള മൃഗങ്ങൾ ആ ഭാഗത്ത് കേന്ദ്രീകരിക്കപ്പെട്ടത്. ഏതാണ്ട് അതേ സീസണിൽ മൂന്ന് തവണ അടിച്ചിൽതൊട്ടിയിൽ പോയപ്പോഴും സമാനമായ അനുഭവമുണ്ടായി. കാടിന്റെ വഴികളിൽ എന്തെല്ലാം നിഗൂഢതകളാണ് നമ്മെ കാത്തിരിക്കുന്നതെന്ന് പറഞ്ഞുതന്ന ആ അനുഭവം മറക്കാനാകാത്ത ഒന്നാണ്.

**ഫോട്ടോകളിലും യാത്രാനുഭവങ്ങളിലുമെല്ലാം ചില സ്ഥലങ്ങൾ ആവർത്തിച്ചു പ്രതിപാദിക്കപ്പെടാറുണ്ട്. പറമ്പിക്കുളം, ഷോളയാർ, മൂന്നാർ, ചിന്നാർ, കാന്തല്ലൂർ, പാമ്പാടുംചോല... യാത്രകൾ ആവർത്തിക്കാൻ പ്രേരിപ്പിക്കുന്നതെന്താണ്?**

യാത്രയുടെ പരിപൂർണ്ണതയ്ക്ക് വേണ്ടിയാണ് വീണ്ടും വീണ്ടും പോകുന്നത്. ആയോധന കല പരിശീലിച്ചതിൽ നിന്നും എനിക്ക് കിട്ടിയ ശീലമാണ്. ആയോധന കലയിലെ പല വിദ്യകളും പഠിക്കണമെങ്കിൽ ചിലപ്പോൾ 50,000 തവണ ആവർത്തിക്കേണ്ടിവരും. എങ്കിൽ മാത്രമെ നമുക്ക് ആ വിദ്യ പൂർണ്ണമായും വശത്താക്കാൻ കഴിയൂ. അവസാന പഞ്ച് കൃത്യമായി മർമ്മത്ത് തന്നെ പതിക്കുമ്പോൾ കിട്ടുന്ന ആശ്വാസം വളരെ വലുതാണ്. കാട് കയറുമ്പോഴും ഫോട്ടോ എടുക്കമ്പോഴും ആ ശീലം എന്നെ പിന്തുടരുന്നുണ്ട്. എത്ര കണ്ടാലും മതിവരാത്ത കാട് കൂടുതൽ തികവുള്ള കാഴ്ചയ്ക്കായി എന്നെ അവിടേക്ക് തന്നെ വിളിക്കുന്നു. പതിവായി പോകുന്നതുകൊണ്ട് പലയിടങ്ങളിലുമുണ്ടാകുന്ന ചെറിയ മാറ്റം പോലും എനിക്കറിയാൻ കഴിയുന്നുണ്ട്. സ്ഥിരമായി പോയിരുന്ന മൂന്നാർ ടോപ്പ് സ്റ്റേഷൻ പോലെയുള്ള സ്ഥലങ്ങളെല്ലാം ഓരോ യാത്രയിലും മാറുന്നത് എനിക്ക് കാണാം. ടൂറിസ്റ്റുകളും ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള കച്ചവടവും അവിടെ വ്യാപകമായിരിക്കുന്നു. എവിടെ നോക്കിയാലും ടൂറിസ്റ്റുകൾ ഉപേക്ഷിച്ചുപോകുന്ന പ്ലാസ്റ്റിക്കുകൾ.

**പശ്ചിമഘട്ടത്തിലെ അതിവിശിഷ്ടമായ വനങ്ങളുടെ വേദനകളും ഈ യാത്രകൾക്കിടയിൽ അവർ താങ്കളോട് പങ്കുവച്ചിട്ടുണ്ടാകുമല്ലോ?**

നിയന്ത്രിക്കാൻ കഴിയാത്തതരത്തിൽ പെരുകുന്ന ടൂറിസമാണ് വനങ്ങളെ ഇന്ന് ഏറെ വേദനിപ്പിക്കുന്നത്. ടൂറിസത്തിന് ഞാൻ ഒരിക്കലും എതിരല്ല. ടൂറിസത്തെ പൂർണ്ണമായും എതിർക്കുന്ന പരിസ്ഥിതി പ്രവർത്തകരുണ്ട്. എന്റെ നിലപാടതല്ല. ടൂറിസത്തിന് നിയന്ത്രണങ്ങളുണ്ടാവുകയാണ് വേണ്ടത്. ടൂറിസം എങ്ങനെ വേണം എന്നതിനെക്കുറിച്ചുള്ള ധാരണക്കുറവ് എല്ലായിടത്തും നിഴലിക്കുന്നുണ്ട്. കാട്ടിൽ പോകുന്നതിനെ എന്തിനാണ് ടൂറിസം എന്ന് വിളിക്കുന്നത്? കാട് കാണാൻ പോകൽ എന്ന് വിളിച്ചാൽ പോരേ. കാട് കാണാൻ പോകുമ്പോൾ അവിടെ നിലവിലുള്ള സൗകര്യത്തിൽ മാത്രം കാണാൻ പോവുക. ചൈനീസ് ഫുഡും യൂറോപ്യൻ ക്ലോസറ്റും കാട്ടിൽ കിട്ടണം എന്ന് പറയുന്നതാണ് പ്രശ്നം. നമ്മുടെ സൗകര്യം എപ്പോഴും കാടിന് അസൗകര്യമാണ്. അടുത്തിടെ പാമ്പാടുംചോലയിൽ ചെന്നപ്പോൾ സംരക്ഷിത വനത്തിനുള്ളിൽ കുറെ പുതിയ കെട്ടിടങ്ങൾ പണിയുന്നത് കണ്ടു. മന്നവൻചോലയിൽ കാട്ടിനുള്ളിലൂടെ ഒരുപാട് ട്രക്കിംഗ് പാതകൾ പുതിയതായി തുറന്നിരിക്കുന്നു. ജീപ്പുകൾ അതുവഴി തലങ്ങും വിലങ്ങും ഓടുന്നു. ആനമുടിഷോല നാഷണൽ പാർക്കിലാണ് തൊടാൻ പാടില്ലാത്ത പുൽമേടുകളിലൂടെ ട്രക്കിംഗ് പാതകൾ വെട്ടിയിരിക്കുന്നത്. മിക്ക നാഷണൽ പാർക്കുകളിലും ഇതാണ് സ്ഥിതി. ചെക്ക്പോസ്റ്റിൽ നിൽക്കുന്ന ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മുകളിലുള്ളവർക്ക് കാഴ്ചപ്പാടില്ലാത്തതുകൊണ്ടാണ് ഇങ്ങനെയെല്ലാം നടക്കുന്നത്. പാമ്പാടുംചോലയിലേക്ക് മുപ്പത് വർഷമായി ഞാൻ പോകുന്നുണ്ട്. പാമ്പാടുംചോല എന്ന പേരുപോലും അന്നില്ല. വന്തറുവ് മല എന്നാണ് വിളിച്ചിരുന്നത്. മാട്ടുപ്പെട്ടിയിൽ നിന്നും ടോപ്സ്റ്റേഷൻ വരെ നടന്നെത്തിയിട്ട് അവിടെ നിന്നും കാട്ടിലൂടെ നടന്ന് കോവിലൂരെത്തണം. എന്നിട്ടുവേണം വന്തറുവ് മലയിലേക്ക് പോകാൻ. അങ്ങനെ നടന്നുപോകുന്ന വഴിക്ക് കുറച്ച് പുൽമേടുണ്ട്. പണ്ട് പോകുമ്പോൾ അവിടെ നിറയെ മൃഗങ്ങളെ കാണാൻ കഴിയുമായിരുന്നു. ഇപ്പോൾ ഇരുവശങ്ങളിലും ടൂറിസ്റ്റുകൾക്ക് വേണ്ടിയുള്ള കെട്ടിടങ്ങളാണ്. മൃഗങ്ങൾ ഒന്നിനെയും കാണാനില്ല. ആ പുൽപ്പരപ്പിൽ ആന ഇറങ്ങിനിൽക്കുന്ന ഫോട്ടോ എന്റെ കൈയിലുണ്ട്. ഇങ്ങനെ നമ്മൾ അവരുടെ സ്ഥലത്തേക്ക് കയറിക്കൊണ്ടിരുന്നാൽ അവർ എവിടെപ്പോകും? കാട് കയറി, കയറി എങ്ങോട്ടാണ് ഈ പോക്ക്? പാമ്പാടുംഷോല നാഷണൽ പാർക്കിനുള്ളിൽ തന്നെ ഒരു ചെക്കുഡാം കെട്ടി കാട്ടരുവിയെ തടഞ്ഞുനിർത്തിയിരിക്കുന്ന കാഴ്ചയും കാണേണ്ടി വന്നു. സംരക്ഷിതവനത്തിനുള്ളിൽ ആർക്ക് വേണ്ടിയാണ് ഈ ചെക്ക്ഡാമെന്ന് മനസ്സിലാകുന്നില്ല. ഷൂപോളിഷ് ഉണ്ടാക്കുന്നതിനായി ഉപയോഗിക്കുന്ന വാറ്റിൽ എന്ന മരം ആ പ്രദേശത്ത് വ്യാപകമായി വച്ചുപിടിപ്പിച്ചിട്ടുണ്ടായിരുന്നു. വാറ്റിലിന്റെ ഡിമാന്റ് കുറഞ്ഞതോടെ ഇപ്പോൾ എല്ലാം വലിച്ചുപറഞ്ഞു കളയുകയാണ്. ഒരു ധാരണയുമില്ലാതെ എന്തൊക്കെയോ ചെയ്യുകയാണ്. ഒരു കാട് ദേശീയോദ്യാനമായോ വന്യജീവി സങ്കേതമായോ പ്രഖ്യാപിക്കുന്നു എന്നു കേട്ടാൽ എനിക്കിപ്പോൾ പേടിയാണ്. ഏറ്റവും ചെറിയ ദേശീയോദ്യാനമാണ് പാമ്പാടുംചോല. അവിടെ

കണ്ട കാഴ്ചയാണ് ഞാൻ ഈ പറഞ്ഞത്. ചെറിയ സംരക്ഷിത പ്രദേശം പോലും നേരം സംരക്ഷിക്കാൻ നമുക്ക് കഴിയുന്നില്ല.

വനം സംരക്ഷിതപ്രദേശമായി മാറുന്നതോടെ ഇഷ്ടം പോലെ ഫണ്ടാണ് അവിടേക്ക് ഒഴുകിയെത്തുന്നത്. ചില വാക്കിയില്ലെങ്കിൽ കാശുപോകുമെന്ന് പറഞ്ഞാണ് ഈ പണികൾ മുഴുവൻ നടത്തുന്നത്. അനാവശ്യമായി വേലി കെട്ടുക, ഗസ്റ്റ് ഹൗസുകൾക്ക് മുന്നിലുള്ള വഴിയിൽ ടൈൽസ് വിരിക്കുക തുടങ്ങിയ കൺസ്ട്രക്ഷൻ പ്രവർത്തികൾ ചെയ്താണ് ഫണ്ട് വിനിയോഗിച്ച് തീർക്കുന്നത്. കാടിന് പ്രയോജനമൊന്നുമില്ല. പറമ്പിക്കുളത്തേക്ക് വരുന്ന വഴിയിൽ വേഴാമ്പലിന്റെയും ചീങ്കണ്ണിയുടെയുമെല്ലാം വലിയ സിമന്റ് പ്രതിമകൾ ഉണ്ടാക്കിവച്ചിട്ടുണ്ട്. മൃഗങ്ങളെ നേരിൽ കാണാൻ കഴിയുന്ന സ്ഥലത്ത് സിമന്റ് പ്രതിമ എന്തിനാണെന്ന് മനസ്സിലായില്ല. കാട്ടിലെത്തുന്നവരുടെ ആസ്വാദനം നശിപ്പിക്കുന്ന നടപടികളാണ് ഇതെല്ലാം. കാടിന്റെ സൗന്ദര്യത്തെ വിലമതിക്കാൻ അറിയാത്തതുകൊണ്ടാണ് ഇങ്ങനെയെല്ലാം കാണിക്കുന്നത്.

**കഞ്ചാവ് മാഫിയയേയും മരം മാഫിയയേയും കായികമായി തന്നെ നേരിട്ടിട്ടുണ്ടല്ലോ. അത്തരം മാഫിയകളുടെ പ്രവർത്തനങ്ങൾ കാട്ടിൽ കുറഞ്ഞിട്ടുണ്ടോ?**

വനം മാഫിയകളോട് നേരിട്ട് ഏറ്റുമുട്ടേണ്ടി വന്നിട്ടുണ്ട്. പറമ്പിക്കുളത്ത് വച്ചാണ് ഒരു സംഭവം. ഞാനും ബോംബെ നാചറൽ ഹിസ്റ്ററി സൊസൈറ്റിയിലെ മിറിയവും രണ്ട് വനം വകുപ്പ് വാച്ചർമാർക്കൊപ്പം വേഴാമ്പലിന്റെ കൂട് അന്വേഷിച്ച് കാട്ടിനുള്ളിലേക്ക് യാത്ര തിരിച്ചു. കുറേ ദൂരം പിന്നിട്ട് കാട്ടിനുള്ളലെത്തിയപ്പോൾ വനം കൊള്ളക്കാരുടെ സാന്നിധ്യം വാച്ചർമാർക്ക് അനുഭവപ്പെട്ടു. ഒടുവിൽ ഞങ്ങൾ അവരെ കണ്ടെത്തി. രഹസ്യമായി അവരുടെ പ്രവർത്തികൾ വീക്ഷിച്ചു. ചന്ദനം കടത്തുന്ന ഒരു വലിയ സംഘമാണ് അതെന്ന് മനസ്സിലായി. കൂടുതൽ വാച്ചർമാരെ സഹായത്തിനായി വിളിച്ചു. അവരുമെത്തിയശേഷം ഞങ്ങൾ നേരിട്ട് കള്ളന്മാരെ നേരിട്ടു. പലരും ചിതറിയോടി. നീണ്ടുനിന്ന സംഘർത്തിലൂടെയാണ് അവരെ കീഴ്പ്പെടുത്തിയത്. 25 വർഷത്തിനിടയിൽ ആദ്യമായാണ് അവിടെ കള്ളന്മാർ പിടിക്കപ്പെടുന്നത്. ഡി.എഫ്.ഒ താത്പര്യമെടുക്കാത്തതുകൊണ്ട് തുടർന്ന് ഓപ്പറേഷൻ നടന്നില്ല. കഞ്ചാവ് വേട്ടയ്ക്കും ഉദ്യോഗസ്ഥരോടൊപ്പം ഞാനും പങ്കുചേർന്നിട്ടുണ്ട്. നല്ല വനംവകുപ്പ് ഉദ്യോഗസ്ഥർ ഉള്ള സ്ഥലങ്ങളിലെല്ലാം അത്തരം മാഫിയകൾ കുറഞ്ഞിട്ടുണ്ട്.

**വനംവകുപ്പ് ഉദ്യോഗസ്ഥരുമായും നല്ല ബന്ധമുണ്ടല്ലോ. പ്രത്യേകിച്ച് അടിത്തട്ടിലെ ജീവനക്കാരുമായി.**

അതെ. ഫീൽഡ് സ്റ്റാഫുകളുമായി എനിക്ക് വർഷങ്ങളുടെ ബന്ധമാണ്. എന്റെ വനയാത്രകളിൽ പലപ്പോഴും അവർ പങ്കുചേരാറുണ്ട്. കാടിനെക്കുറിച്ച് അവർ പങ്കുവച്ച് അറിവുകളും എന്നിലെ ഫോട്ടോഗ്രാഫറെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമാണ്. തേക്കടിയിലെ കണ്ണനുമായുള്ള ബന്ധമാണ് എടുത്തുപറയേണ്ട ഒന്ന്. തേക്കടിയുടെ നട്ടെല്ലാണ് വനംവകുപ്പ് വാച്ചറായ കണ്ണൻ. കണ്ണനറിയാത്ത കാട് തേക്കടിയില്ലില്ല. ഒരുപാട് വനം കൊള്ളക്കാരെ കണ്ടെത്തുന്നതിനും പിടിക്കുന്നതിനും കണ്ണൻ മുൻകൈയെടുത്തിട്ടുണ്ട്. പെരിയാറിലെ മീനുകളെക്കുറിച്ച് കണ്ണനുള്ള അറിവ് പലരേയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തേക്കടിയിൽ നടക്കുന്ന കോൺക്രീറ്റ്വത്കരണത്തിനെതിരെ പ്രതികരിച്ചതിന്റെ പേരിൽ ഇപ്പോൾ സസ്പെൻഷനിലാണ്. കാടിന് യോഗ്യമല്ലാത്തത് എന്തുകണ്ടാലും കണ്ണൻ എതിർക്കും. അതുപോലെ എടുത്ത് പറയേണ്ട പേരുകളാണ് പറമ്പിക്കുളത്തെ ജിമ്മിയും വിജയനും ചിന്നാറിലെ ശിവകുമാറും. ആത്മാർത്ഥയുള്ള ജോലിക്കാരാണ് അവരെല്ലാം. അതുകൊണ്ടുതന്നെ അവരെല്ലാം വനംവകുപ്പിലെ തന്നെ ആത്മാർത്ഥയില്ലാത്ത പല മേലുദ്യോഗസ്ഥരുടെയും കണ്ണിലെ കരടാണ്. വാച്ചർമാരുടെ ജീവിതാവസ്ഥ വളരെ കഷ്ടമാണ്. പാമ്പാടുംചോലയിൽ വാച്ചർമാർ കിടക്കുന്ന ഷെഡ് കണ്ടാൽ കരഞ്ഞുപോകും. 24 മണിക്കൂറും ജാഗ്രതയോടെ കാട്ടിനുള്ളിൽ ജോലിചെയ്യേണ്ട ജീവനക്കാരാണവർ. എന്നിട്ടും തൊഴുത്ത് പോലെയുള്ള സ്ഥലത്താണ് അവർ കിടക്കുന്നത്. വല്ലപ്പോഴും കാട്ടിൽ വരുന്ന ഉയർന്ന ഉദ്യോഗസ്ഥർക്ക് താമസിക്കാൻ വലിയ കോട്ടേജുകളുണ്ട് നേരിട്ട് കാട് സംരക്ഷിക്കാനിറങ്ങുന്നവരോട്



ഫോട്ടോ: എൻ.എ. നസീർ

ഈ വിവേചനം കാണിക്കുന്നത് മോശമാണ്.

വനംവകുപ്പ് ജീവനക്കാരല്ലാത്ത ഗൈഡുകളുമായും എനിക്ക് നല്ല ബന്ധമുണ്ട്. മനോഹരനും ഉടുമ്പ് മാരിയും പോലെയുള്ള ഗൈഡുകളുടെ ഒരുപാടനുഭവങ്ങൾ യാത്രകളിൽ എനിക്ക് തുണയായിട്ടുണ്ട്. അതുപോലെ നെല്ലിയാമ്പതിയുടെ ഓരോ കല്ലും മരവുമറിയുന്ന ദിവാകരനും മണിയനും. മിന്നാംപാറ എസ്റ്റേറ്റ് തിരിച്ചുപിടിക്കുന്നതിനായി നടത്തിയ ഇടപെടലുകളിൽ സജീവമായി പങ്കെടുത്തയാളാണ് ദിവാകരൻ. കാടിനോട് ചേർന്ന് കഴിയുന്നവരായതുകൊണ്ട് കാടിനെക്കുറിച്ച് അവർക്കുള്ളത് അനുഭവജ്ഞാനമാണ്. ചെടികളുടെ ശാസ്ത്രീയനാമം അറിയണമെന്നില്ല. പക്ഷെ അതിന്റെ പാരിസ്ഥിതിക ധർമ്മമെന്താണ് അവർ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

**ആദിവാസികളുമായും അതേ ബന്ധം സൂക്ഷിക്കുന്നുണ്ടല്ലോ. കാട്ടിനുള്ളിലെ പല ആദിവാസി കുടികളിലും താമസിക്കുകയും അവരുടെ ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്തിട്ടുണ്ട്. ആദിവാസി ജീവിതങ്ങൾക്ക് കാടിനോടുള്ള ബന്ധത്തിൽ മാറ്റമുണ്ടാകുന്നുണ്ടോ?**

അടിച്ചിലത്തൊട്ടിയിലെ കുമാരനുമായിട്ടായിരുന്നു നല്ല അടുപ്പം. കുമാരനോടൊപ്പം ഒരുപാട് കാട് കയറിയിട്ടുണ്ട്. താമസിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അടിച്ചിലത്തൊട്ടിയിൽ ചെല്ലുമ്പോൾ എനിക്ക് ആ പഴയ സന്തോഷമില്ല. ആദ്യം ഞാനവിടെ ചെല്ലുന്ന കാലത്ത് വനദേവതകളായിരുന്നു അവരുടെ ദൈവം. കുറച്ച് നാൾ കഴിഞ്ഞ് ചെന്നപ്പോൾ അവരുടെ കുടിലുകളിൽ മുരുകന്റെ ഫോട്ടോ കാണാൻ കഴിഞ്ഞു. പിന്നെ ചെന്നപ്പോൾ മഹാഭാരത യുദ്ധത്തിന്റെ ഫോട്ടോ, പിന്നെ മാതാ അമൃതാനന്ദമയിയുടെ ഫോട്ടോ ഒടുവിൽ ചെല്ലുമ്പോൾ ബൈബിളുമെത്തി. ഞങ്ങളുടെ നാട്ടിലുള്ള ദൈവങ്ങൾ നിങ്ങൾക്ക് പാകമാകില്ലെന്ന് ഞാൻ അവരോട് പറഞ്ഞു. എന്നാൽ അതൊന്നും കേൾക്കാൻ അവർ തയ്യാറായില്ല. അതിനപ്പുറമുള്ള ചില സ്വാധീനങ്ങളാണ് ആ ചിത്രങ്ങൾ അവിടെയെത്തിച്ചത്. പുറമെ നിന്നും രാഷ്ട്രീയവും കോളനിയിലേക്ക് വന്നു കയറി. നമ്മൾ കയറി ഇടപെട്ട് തുടങ്ങിയതോടെയാണ് ആദിവാസികളുടെ ജീവിതം മാറിയത്. പ്രധാനമായും കച്ചവടക്കാരും മതങ്ങളും രാഷ്ട്രീയക്കാരും.

പരമ്പരാഗതമായ ജീവിതശൈലി നിലനിർത്തുന്ന ആദിവാസികളെ കാണാൻ ഇന്ന് പ്രയാസമാണ്. അടിച്ചിലത്തൊട്ടിയിൽ പണ്ട് ചെല്ലുമ്പോൾ കരടി മാന്തിപ്പൊളിച്ച ചിന്നപ്പ എന്നയാളുടെ മുഖം ഒരു തുന്നലുപോലുമില്ലാതെ കൂട്ടിച്ചേർത്ത വൈദ്യം കണ്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. കുമാരനെ 20 തവണ മൂർഖൻ പാമ്പ് കടിച്ചിട്ടുണ്ട്. അവർ തന്നെ വിഷമിറക്കി. എന്നാൽ ഇന്ന് എന്നോട് ക്രോസിനും വിക്സും ആവശ്യപ്പെടുന്ന ആദിവാസികളാണ് അവിടെയുള്ളത്. വൈദ്യത്തിൽ ഇത്രയേറെ ശക്തമായ പരമ്പരാഗത അറിവുകൾ സൂക്ഷിച്ചിരുന്ന ആ സമൂഹത്തിന്റെ ചോദ്യം കേട്ട് അന്ന് ഞാൻ ഒരുപാട് വിഷമിച്ചു. കാടിന്റെ ജീവിത രീതി നഷ്ടപ്പെട്ടുകഴിഞ്ഞാൽ അവർ കാട്ടിൽ നിന്നും പുറത്തുവരികയാണ് വേണ്ടത്. അവർക്കാണ് ശരിക്കും കാട് സംരക്ഷിക്കാൻ കഴിയുന്നത്. എന്നാൽ അത്തരത്തിലുള്ള അറിവുകൾ നമ്മൾ പുറംലോകം തന്നെ ഇടപെട്ട് അവരിൽ നിന്നും ചോർത്തിക്കളഞ്ഞു.

**വനയാത്രകൾ എങ്ങനെയാകണമെന്നാണ് ഇത്രയേറെ യാത്രകൾ നടത്തിയ താങ്കൾക്ക് പറയാനുള്ളത്? കാടിനെ അറിയാൻ പോകുന്നതിന് മുമ്പ് എന്തെല്ലാമാണ് പോകുന്നവർ അറിയേണ്ടത്?**

കാട് ആഘോഷത്തിനുള്ള സ്ഥലമല്ല. പവിത്രമായി സൂക്ഷിക്കേണ്ട സ്ഥലമാണ്. കാട്ടിൽ എന്തെല്ലാം ആകാം എന്തെല്ലാം പാടില്ല എന്നതിനെക്കുറിച്ച് പോകുന്നവർക്ക് വ്യക്തമായ ധാരണയുണ്ടായിരിക്കണം. കാടിനെ അറിയാനുള്ള ക്ലാസ് കാട്ടിലേക്ക് പോകുന്ന എല്ലാവർക്കും നൽകണം. കാരണം ഇപ്പോഴുള്ള ചെയ്തികൾ അത്തരത്തിലുള്ളതാണ്. കോളേജ് വിദ്യാർത്ഥികളുടെ പിക്നിക് സംഘം കാട്ടിലേക്ക് നോക്കി കൂവുന്നത് ഞാൻ പലയിടത്തും കണ്ടിട്ടുണ്ട്. എന്തിനാണ് അവർ കൂവുന്നതെന്ന് എനിക്ക് ഇനിയും മനസ്സിലായിട്ടില്ല. എന്ത് വിദ്യാഭ്യാസമാണ് അവരെക്കൊണ്ട് അത് ചെയ്യിക്കുന്നത്. കൂവേണ്ട മറ്റ് പല പരിപാടികളും നാട്ടിൽ നടക്കുന്നുണ്ടല്ലോ. കാട്ടിൽ പ്ലാസ്റ്റിക് ഇടാതിരിക്കാൻ ഇനിയും ശീലിക്കാത്തവരുണ്ട്. പണ്ട് ഒരിക്കൽ കാട്ടിൽ പോയപ്പോൾ ആനപ്പിണ്ടത്തിൽ നിന്നും കിട്ടിയ മത്തന്റെ ഇലയെടുത്ത് ഞങ്ങൾ തോരൻ വച്ച് കഴിച്ചിട്ടുണ്ട്. ഇന്ന് ആനപ്പിണ്ടത്തിൽ നിന്നും കിട്ടുന്നത് പ്ലാസ്റ്റിക് കുപ്പിയും ജാം ബോട്ടിലുമാണ്.

> മഴക്കാടുകളുടെ പാരിസ്ഥിതിക ധർമ്മം പറഞ്ഞ് ബോധ്യപ്പെടുത്തി വനസംരക്ഷണത്തിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനേക്കാൾ സാധ്യത കാടിന്റെ ഒരു സ്നാപ്പിനാണുള്ളത്. അഭംഗി കാണിച്ച് ആളുകളുടെ മനസ് മടുപ്പിക്കരുത്. എന്റെ ഫോട്ടോകളല്ല, ഫോട്ടോകളിലൂടെ പുറത്തുവരുന്ന കാടിന്റെ ഭംഗിതന്നെയാണ് കാണികൾക്ക് ആസ്വാദ്യകരമാകുന്നത്. കാടിന് തന്നെയാണ് അവിടെയും മുൻതൂക്കം.

**പശ്ചിമഘട്ട രക്ഷായാത്രയാണോ വനയാത്രകൾക്ക് കൂടുതൽ ഊർജ്ജം നൽകിയത്?**

പശ്ചിമഘട്ടരക്ഷാ യാത്ര ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. കാട്ടിൽ പോകൽ അതിന് മുമ്പേ ഞാൻ തുടങ്ങിയിരുന്നു. സെബാസ്റ്റ്യൻ മാഷിന്റെ മുൻകൈയിൽ നാട്ടിലുണ്ടായിരുന്ന വനശ്രീ ഇക്കോ ക്ലബിന്റെ ക്യാമ്പുകളിലൂടെയാണ് വനയാത്രകൾ തുടങ്ങുന്നത്. പരിസ്ഥിതി പ്രേമം രൂപപ്പെടുത്തിയതും വനശ്രീ ഇക്കോക്ലബും സെബാസ്റ്റ്യൻ മാഷുമാണ്. പശ്ചിമഘട്ട രക്ഷായാത്രയെക്കുറിച്ച് പത്രത്തിൽ നിന്നും വായിച്ചറിഞ്ഞതാണ്. പങ്കെടുക്കാൻ താത്പര്യമുണ്ടെന്ന് കാണിച്ച് ഞാൻ കത്തയച്ചു. യാത്രയ്ക്ക് നേതൃത്വം നൽകിയിരുന്ന മോഹൻകുമാർ മാഷിന്റെ മറുപടി കിട്ടി. യാത്ര തുടങ്ങുന്ന കന്യാകുമാരിയിൽ എത്താനാണ്



ഫോട്ടോ: എൻ.എ. നസീർ

പറഞ്ഞിരിക്കുന്നത്. സെബാസ്റ്റ്യൻ മാഷിന്റെ കൈയിൽ നിന്നു പണം വാങ്ങിയാണ് യാത്രയ്ക്ക് പോയത്. ശരത്ചന്ദ്രനും റസാഖ് കോട്ടയ്ക്കലുമൊക്കെയാണ് അന്ന് ഫോട്ടോ എടുത്തിരുന്നത്. എന്റെ കൈയിൽ ക്യാമറ പോലുമുണ്ടായിരുന്നില്ല. കന്യാകുമാരിയിൽ നിന്നും മൂന്നാർ വരെ യാത്രയിൽ പങ്കുചേർന്നു.

**വനസംരക്ഷണം ലക്ഷ്യമാക്കുന്ന ഫോട്ടോഗ്രഫി എങ്ങനെയാണ് സാധ്യമാകുന്നത്? ഫോട്ടോഗ്രാഫർക്ക് വനസംരക്ഷണത്തിന് നൽകാൻ കഴിയുന്ന സംഭാവന എന്താണെന്ന് കാടിനെ ഇത്രയേറെ മനോഹരമായി ചിത്രീകരിച്ച ഒരാൾ എന്ന നിലയിൽ പറയാൻ കഴിയുമോ?**

കാടിന്റെ ഭംഗിയാണ് ഞാൻ പ്രധാനമായും ചിത്രീകരിക്കുന്നത്. കാട് നശിച്ചതും വന്യമൃഗങ്ങൾ ചത്തുകിടക്കുന്നതുമൊന്നും ഞാൻ ഫോട്ടോയിൽ പകർത്താറില്ല. ഞാൻ കാട് കയറിയത് കാടിന്റെ ഭംഗികണ്ടിട്ടാണ്. കാട്ടിൽ നെഗറ്റീവ് ആയി എന്തെങ്കിലും കാണാൻ ശ്രമിച്ചാൽ പിന്നെ അതുമാത്രമെ നമ്മൾ കാണൂ. എത്രകണ്ടാലും മതിവരാത്ത ഒരുപാട് നല്ല കാഴ്ചകൾ കാട് നമുക്കായി കരുതിവയ്ക്കാറുണ്ട്. ആ കാഴ്ചകളെ ഫോട്ടോയിലൂടെ നിങ്ങളുമായി പങ്കുവയ്ക്കാനാണ് ഞാൻ ശ്രമിക്കുന്നത്. കാടിന്റെ നല്ല ഫോട്ടോ കാണുമ്പോഴാണ് അത് സംരക്ഷിക്കപ്പെടേണ്ടതാണെന്ന തോന്നലുണ്ടാകുന്നത്. കാടിന്റെ നല്ല ചിത്രങ്ങളെടുത്ത് ജനങ്ങളിലെത്തിക്കുന്നതിലൂടെ ഞാൻ അതിനാണ് ശ്രമിക്കുന്നത്. മഴക്കാടുകളുടെ പാരിസ്ഥിതിക ധർമ്മം പറഞ്ഞ് ബോധ്യപ്പെടുത്തി വനസംരക്ഷണത്തിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനേക്കാൾ സാധ്യത കാടിന്റെ ഒരു സ്നാപ്പിനാണുള്ളത്. അഭംഗി കാണിച്ച് ആളുകളുടെ മനസ് മടുപ്പിക്കരുത്. എന്റെ ഫോട്ടോകളല്ല, ഫോട്ടോകളിലൂടെ പുറത്തുവരുന്ന കാടിന്റെ ഭംഗിതന്നെയാണ് കാണികൾക്ക് ആസ്വാദ്യകരമാകുന്നത്. കാടിന് തന്നെയാണ് അവിടെയും മുൻതൂക്കം.

**നല്ല ഫോട്ടോകൾ കാടുകയറാനും, ആ സൗന്ദര്യം നേരിട്ട് ആസ്വദിക്കാനുമുള്ള പ്രേരണയായി മാറുന്നില്ലേ? കാടിന് അത് താങ്ങാൻ കഴിയുമോ?**

എന്നോട് പലരും ഇക്കാര്യം ചോദിക്കുന്നുണ്ട്. നസീറിന് മാത്രമല്ല, എല്ലാവർക്കും കാട്ടിൽ പോകാൻ അവകാശമുണ്ട്. പക്ഷെ കാട്ടിൽ ചില നിയമങ്ങളുണ്ട്, അത് പാലിക്കപ്പെടണമെന്ന് മാത്രം. ഡൽഹിയിൽ പോകുന്ന പലരും രാഷ്ട്രപതി ഭവൻ കാണാൻ പോകാറുണ്ട്. എന്നാൽ രാഷ്ട്രപതിയുടെ ഒപ്പമിരുന്ന് ഊണ് കഴിക്കാറില്ലല്ലോ. എത്ര വരെ പോകാം എന്ന തിരിച്ചറിവ് പലടത്തും നമ്മൾ കാണിക്കാറുണ്ട്. അത് കാട്ടിലും കാണിക്കണമെന്ന് മാത്രം. കാട്ടിൽ പോകാനും ഫോട്ടോ എടുക്കാനും താത്പര്യം കാണിക്കുന്നവരുടെ എണ്ണം കൂടിയതോടെ അത് ഗുണപരമായി വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് എങ്ങനെ ഉപകാരപ്പെടുത്താം എന്ന ചിന്തയിലാണ് ഇപ്പോൾ ഞാനും സുഹൃത്തുക്കളും. വന്യജീവി ഫോട്ടോഗ്രാഫർമാരുടെ ഒരു ടീം ഞങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ താത്പര്യം പ്രകടിപ്പിക്കുന്നവർക്ക് കേരളത്തിലെമ്പാടും ക്ലാസുകൾ നൽകുന്നുണ്ട്. വനയാത്രകളും സംഘടിപ്പിക്കുന്നുണ്ട്.